രുന്നില്ല. ഇതേ വലിപ്പത്തിൽ മാർബിൾകൊണ്ടുള്ള രണ്ടു കാലുകളും ഒരു കൈയും ഇപ്പോൾ സാമോസ് മ്യൂസിയത്തിലുണ്ട്. ഇതിനർത്ഥം, ഒരു 'ശ്രൂരൻ' കൂടി ഉണ്ടായിരുന്നു എന്നാണ്. ഒരുപക്ഷേ, ഹേരാദേവിയുടെ ക്ഷേത്രത്തിനു മുമ്പിൽ, നടപ്പാതയുടെ ഇരുവശങ്ങളിലുമായി, രണ്ടു ശ്രൂരന്മാർ ഒരു കാലത്ത് ക്ഷേത്രപാലനം അനുഷ്ഠിച്ചുവന്നിരിക്കാം.

'ശ്രൂര'ന്റെ ചിത്രം കണ്ടപ്പോൾ ഞാൻ പെട്ടെന്ന് ഓർത്തത് കർണാടകത്തിൽ ശ്രാവണ ബെളഗൊളയിലുള്ള ഗോമടേശ്വരപ്രതിമയാണ്.

(7 ഒക്ടോബർ, 1984)

# 56. ശ്രീചക്രം

കേരളത്തിലെ ക്ഷേത്രങ്ങളിലും മിക്ക ഹിന്ദുഗൃഹങ്ങളിലും ബ്രാഹ്മണർ നിർവഹിക്കാറുള്ള രണ്ടു പൂജകളാണ് ഗണപതിഹോമവും ഭഗവതിസേവയും. ചതുരത്തിനുള്ളിൽ ഒരു സ്വസ്തികവരച്ച്, അതിലെ വിപരീതവശങ്ങളിൽ അരിപ്പൊടിയും മഞ്ഞപ്പൊടിയും വിതറി നിർമിക്കുന്ന 'കള'ത്തിലാണ് ഭഗവതിസേവ നിർവഹിക്കപ്പെടുന്നത്. ഈ കളത്തെ കേരളത്തിൽ 'പത്മം' എന്നു വിളിക്കുന്നു. താന്ത്രികപൂജയ്ക്കുള്ള ഏററവും സരളമായ കളമാണ് 'പത്മം.' ഇത്തരം കളങ്ങളെ ഇന്ത്യയുടെ മററു ഭാഗങ്ങളിൽ 'ചക്രം' എന്നോ 'യന്ത്രം' എന്നോ 'മണ്ഡലം' എന്നോ വിളിക്കുന്നു. ലോഹത്തകിടിൽ വരച്ച് ഏലസ്സിൽ അടച്ച് അരയിലോ കഴുത്തിലോ കെട്ടുന്ന മാന്ത്രികക്കളങ്ങൾ കേരളത്തിലും 'യന്ത്രം' എന്ന പേരിൽ അറിയപ്പെടുന്നു.

പലതരം 'യന്ത്ര'ങ്ങൾ ഉള്ളവയിൽ ഏററവും പ്രസിദ്ധമത്രെ 'ശ്രീചക്രം.' 'ശ്രീയന്ത്ര'മെന്നും ഇതിനു പേരുണ്ട്. ഇന്ത്യയിലെ പല പ്രസിദ്ധ ക്ഷേത്രങ്ങളിലും ബിംബത്തിനടിയിൽ നിക്ഷേപിച്ചോ വേറിട്ടു തന്നെയോ ശ്രീചക്രത്തെ പൂജിച്ചുവരുന്നു. കല്ലിൽ കൊത്തിയും തകിടിലും കടലാസ്സിലും വരച്ചും ശ്രീചക്രത്തെ പൂജിക്കാറുണ്ട്. പല ഗൃഹങ്ങളിലും ചെമ്പിൽവരച്ച ശ്രീചക്രങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നതു കാണാം.

ശ്രീചക്രവും ശക്തിപൂജയും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. സുപ്രസിദ്ധമായ, ലളിതാസഹസ്രനാമത്തിൽ 'ശ്രീചക്രരാജനിലയ' എന്നു ദേവി വാഴ്ത്തപ്പെടുന്നു. ശങ്കരാചാര്യർ നിർമിച്ചതെന്നു വിശ്വസിക്കപ്പെടുന്ന 'സൗന്ദര്യലഹരി'യിലെ താഴെ ചേർത്ത പദ്യം ശ്രീചക്രത്തിന്റെ വിവരണമാണ്.

ചതുർഭിഃ ശ്രീകണ്ഠൈഃശിവയുവതിഭിഃ പഞ്ചഭിരപി പ്രഭിന്നാഭിഃ
ശംഭോർന്നവഭിരപി മൂലപ്രകൃതിഭിഃ
ത്രയശ്ചത്വാരിംശദ്വസുദള കലാശ്ര ത്രിവലയ
ത്രിരേഖാഭിഃ സാർധം തവശരണകോണാഃ പരിണതാഃ

ശ്രീചക്രം ദേവിയുടെ നിവാസസ്ഥാനമാണെന്ന് ഈ പദ്യത്തിലും പറയുന്നു. 'ശ്രീവിദ്യ' എന്നറിയപ്പെടുന്ന പ്രശസ്തമായ ഷോഡശാക്ഷരി മന്ത്രവും ശ്രീചക്രവുമായി അഭേദ്യമായ ബന്ധമുണ്ട്. ശ്രീവിദ്യാമന്ത്രത്തിന്റെ 'ക' എന്നു തുടങ്ങുന്നതും, 'ഹ' എന്നു തുടങ്ങുന്നതുമായ രണ്ടു രൂപങ്ങളും സൗന്ദര്യലഹരിയിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. ശ്രീചക്രത്തെ

പരാമർശിക്കുന്ന മന്ത്രങ്ങൾ ഋഗ്വേദത്തിൽ ഉള്ളതായി സൗന്ദര്യലഹരിയുടെ വ്യാഖ്യാനങ്ങളിൽകാണുന്നു.

അതിസങ്കീർണമായ ഒരു രേഖാഗണിതരൂപമാണ് ശ്രീചക്രം. ഊർദ്ധ്വമുഖങ്ങളായ നാലും അധോമുഖങ്ങളായ അഞ്ചും ത്രികോണങ്ങൾ കൊണ്ടാണ് അതു നിർമിക്കപ്പെട്ടിരിക്കുന്നതു്. ശ്രീചക്രത്തിന്റെ അസാധാരണമായ രൂപസൗന്ദര്യം അടുത്തകാലത്തായി ചിത്രകാരന്മാരുടെ, പ്രത്യേകിച്ചും അമൂർത്ത ചിത്രകാരന്മാരുടെ ഭാവനയെ വളരെയധികം ഉദ്ദീപിപ്പിച്ചിട്ടുണ്ട്. 'താന്ത്രികകല' എന്ന കലാവിഭാഗം ഉണ്ടായതു് അങ്ങനെയാണ്.

ശ്രീചക്രം ഉയർത്തുന്ന ഗണിതശാസ്ത്രപരങ്ങളായ പ്രശ്നങ്ങളെ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ പരിഹരിക്കുന്നതിന് മോസ്കോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ ബയോളജി ഫാക്കൽറ്റിയിൽ ഭൗതിക–ഗണിത–ശാസ്ത്രങ്ങളിൽ സീനിയർ ഗവേഷകനായി പ്രവർത്തിക്കുന്ന അലെക്സി കുലൈച്ചേവ് ദീർഘകാലമായി നടത്തിവരുന്ന പഠനങ്ങളെപ്പറ്റി ഒരു ലേഖനം നവംബർ 25–ലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ പഠനങ്ങൾ പല രാജ്യങ്ങളിലെയും ചരിത്രകാരന്മാരുടെയും നരവംശശാസ്ത്രജ്ഞരുടെയും താല്പര്യം ഉണർത്തിയിട്ടുണ്ടത്രെ. തന്റെ പഠനഫലങ്ങൾ മോസ്കോ സർവകലാശാലയിലെ ചരിത്ര–ഗണിത–ശാസ്ത്രജ്ഞരുടെ ഒരു യോഗത്തിൽ കുലൈച്ചേവ് സമർപ്പിക്കുകയുണ്ടായി.

1969–ലാണ് ശ്രീചക്രം കുലൈച്ചേവിന്റെ ശ്രദ്ധയാകർഷിച്ചതു്. പെൻസിലും കോമ്പസ്സും റൂളറുമുപയോഗിച്ചു വരയ്ക്കാൻ കഴിയാത്തത്ര സങ്കീർണമാണ് അതിന്റെ രൂപമെന്ന് കുലൈച്ചേവ് കണ്ടു. ശ്രീചക്രത്തെപ്പറ്റി കിട്ടാവുന്ന രേഖകളെല്ലാം ശേഖരിച്ചു പഠിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇന്ത്യക്കു പുറമേ, മദ്ധ്യകാലങ്ങളിൽ ജപ്പാൻ, നേപ്പാൾ, ചൈന, തിബത്ത് എന്നീ രാജ്യങ്ങളിലും ശ്രീചക്രപൂജ നിലനിന്നിരുന്നതായും, ആദ്ധ്യാത്മികങ്ങളും ആധിഭൗതികങ്ങളുമായ രഹസ്യങ്ങൾ പ്രതീകരൂപത്തിൽ അനാവരണംചെയ്യുന്നതെന്ന നിലയിൽ പല പൗരസ്ത്യ തത്ത്വചിന്താപദ്ധതികളിലും ശ്രീചക്രം പരാമർശിക്കപ്പെടുന്നതായും കുലൈച്ചേവ് കണ്ടു. പ്രപഞ്ചോല്പത്തി, മനുഷ്യചേതന മുതലായവയെ സംബന്ധിച്ച് ഈ തത്ത്വചിന്താപദ്ധതികൾ ഉന്നയിക്കുന്ന പല സിദ്ധാന്തങ്ങളും ആധുനിക ശാസ്ത്രീയസിദ്ധാന്തങ്ങളുമായി അത്ഭുതാവഹമായ സാദൃശ്യം പ്രകടിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന് ഒരു വലിയ പൊട്ടിത്തെറിയിൽനിന്ന് (ബിഗ്ബാങ്) പ്രപഞ്ചം ആവിർഭവിച്ചുവെന്ന ആധുനിക സിദ്ധാന്തത്തോടു തുല്യമാണ് തന്ത്രശാസ്ത്രത്തിലെ പ്രപഞ്ചോൽപ്പത്തി സിദ്ധാന്തം.

ക്രിസ്തു പിറക്കുന്നതിന് ആയിരത്താണ്ടുകൾ മുമ്പു കണ്ടുപിടിക്കപ്പെട്ടതായി കരുതേണ്ട ശ്രീചക്രം രസകരങ്ങളായ പല ഗണിതശാസ്ത്രപ്രശ്നങ്ങളും ഉയർത്തുന്നുണ്ട് എന്ന്, കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ഈ രൂപം അപഗ്രഥിക്കവേ, കുലൈച്ചേവ് കണ്ടറിഞ്ഞു. ഗണിതശാസ്ത്രജ്ഞരോടൊപ്പം നരവംശശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും സഹകരിച്ചു പഠനം നടത്തിയാലേ ശ്രീചക്രത്തിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യാൻ കഴിയൂ എന്ന് അദ്ദേഹം കരുതി.

പല ഹിന്ദുഗൃഹങ്ങളിലും നിത്യപൂജാവിഷയമായിരുന്ന ശ്രീചക്രത്തെപ്പറ്റി ആദ്യമായി പഠനം നടത്തിയ പാശ്ചാത്യൻ 'ആർതർ ആവലോൺ' എന്ന പേരിൽ ഗ്രന്ഥങ്ങൾ എഴുതിയിരുന്ന ജസ്റ്റിസ് ജോൺ വുഡ്റോഫ് എന്ന ഇംഗ്ലീഷുകാരനായിരുന്നു. 'സൗന്ദര്യലഹരി', 'കർപ്പൂരാദിസ്തോത്രം' എന്നിവയ്ക്ക് ഇംഗ്ലീഷ് വിവർത്തനങ്ങൾ രചിച്ചതിനുപുറമെ, 'സർപ്പശക്തി' (ദി സർപ്പന്റ് പവർ) എന്ന കുണ്ഡലിനീ

തന്ത്രത്തെപ്പററിയുള്ള, സ്വാതന്ത്ര്യഗ്രന്ഥവും, റോറെയും പല ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. മദ്രാസിലെ ഗണേശ് ആൻഡ് കമ്പനി ഈ പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

തന്ത്രശാസ്ത്രത്തെപ്പററി പഠനം നടത്തിയ മറെറാരു പ്രശസ്ത പാശ്ചാത്യനാണ് ഹൈൻറിഷ് സിമ്മർ എന്ന ജർമൻകാരൻ. മധുഖാൻ എന്ന ഇന്ത്യാക്കാരനും ഈ വിഷയത്തെപ്പററി ഒരു പുസ്തകമെഴുതിയിട്ടുണ്ടത്രെ. ഇതു ഞാൻ കണ്ടിട്ടില്ല. നിക്കോലെസ് ബോംട്ടർ, നിക്കോറാം മാക്ലിയോഡ് എന്നീ ഇംഗ്ലീഷുകാർ ശ്രീചക്രത്തെ രചനാപരമായി അപഗ്രഥിച്ചിട്ടുണ്ട്. പ്രാചീന ഗ്രീക്കശില്പികൾക്ക പരിചിതമായിരുന്ന 'സുവർണ മദ്ധ്യ' നിയമത്തോട് ബന്ധപ്പെടുത്തി ശ്രീചക്രത്തിന്റെ സംരചനയെ അപഗ്രഥിക്കുന്നതിനുള്ള അവരുടെ ശ്രമം, തുടർന്നു നടന്ന പഠനങ്ങളെ കുറച്ചല്ലേ സഹായിച്ചുള്ളൂ.

റഷ്യൻ സയൻസ് അക്കാദമി അംഗവും മോസ്കോ യൂണിവേഴ്സിററിയിലെ ചരിത്രാദ്ധ്യാപകനുമായ ഇവാൻ കോവാൻ ചെങ്കോ പറയുന്നു:

'ചാക്ഷുഷകലയുടെ രസകരമായ ഒരു പ്രാചീന നിർമിതിയായ ശ്രീചക്രം ശതാബ്ദങ്ങളായി ഇന്ത്യയിൽ പൂജിക്കപ്പെട്ടുവന്നിരുന്നു.'

ഈ ശ്രീചക്രത്തെപ്പററിയാണ് കലൈച്ചേവിന്റെ പഠനം. നിസ്സാരങ്ങളല്ലാത്ത പല ഗണിതസവിശേഷതകളും (മാത്തമാററിക്കൽ പ്രോപ്പർട്ടി) ശ്രീചക്രത്തിനുള്ളതായി ഈ പഠനം വെളിപ്പെടുത്തി. ശ്രീചക്രത്തിന്റെ ജ്യാമിതീയസംരചന ശരിക്ക് അപഗ്രഥിക്കണമെങ്കിൽ അതിസങ്കീർണങ്ങളായ ആധുനികഗണിതോപകരണങ്ങൾ ഉപയോഗിക്കണം. ശ്രീചക്രത്തിലടങ്ങിയ രേഖീയമല്ലാത്ത ബീജഗണിത–സമീകരണങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ചാലേ കഴിയൂ. മദ്ധ്യകാലത്തു് ഇന്ത്യയിൽ ഇത്രയധികം ഗണിതശാസ്ത്രോപകരണങ്ങൾ ഉണ്ടായിരുന്നതായി നാം മനസ്സിലാക്കിയിട്ടില്ല. അതിനാൽ ശ്രീചക്രത്തിന്റെ ഉൽപ്പത്തി, പലവിധത്തിലും ദുരൂഹമായ ഒരു രഹസ്യം ആയിരിക്കുന്നു.

'ശ്രീചക്രം ഒരു ഗണിതശാസ്ത്ര പ്രഹേളിക ആകുന്നു. പതിന്നാലു കോണുകളുള്ള ഒരു നക്ഷത്രമാണ് അതിന്റെ കേന്ദ്രം. ഒമ്പതു ത്രികോണങ്ങൾ ചേർന്നാണ് ഈ നക്ഷത്രം ഉണ്ടായിട്ടുള്ളത്. അവയിലെ ഓരോ നേർവരയും മൂന്നോ നാലോ അഞ്ചോ ആറോ ബിന്ദുക്കളിൽ പരസ്പരം ഛേദിക്കുന്നു. ഇത്തരമൊരു രൂപം വരയ്ക്കുകയും ഒരു പ്രശ്നപരിഹാര നിയമം (അൽഗോറിഥം) ആവിഷ്കരിക്കാനായി അതിനെ അപഗ്രഥിക്കുകയുമെന്നതു് അത്യന്തം പ്രയാസമുള്ള ഒരു കൃത്യമാണ്. കമ്പ്യൂട്ടറിൽ പത്തുകോടിയിലേറെ ക്രിയകൾചെയ്താണ് ഈ അപഗ്രഥനം നിർവഹിക്കപ്പെട്ടതു്. ശ്രീചക്രത്തിന്റെ പൂർണമായ അപഗ്രഥനത്തിനുള്ള കഴിവ് ഈ തലമുറയിലെ കമ്പ്യൂട്ടറുകൾക്ക് ഇനിയും കൈവന്നിട്ടില്ല.'

പ്രാചീന ശ്രീചക്രരൂപം ആവിഷ്കരിച്ചതു് എങ്ങനെ? ഒമ്പതു ത്രികോണങ്ങൾകൊണ്ട് ഇത്തരമൊരു സങ്കീർണവും സമമിതവുമായ ജ്യാമിതീയരൂപം നിർമിക്കാമെന്ന് അവർ എങ്ങനെ അറിഞ്ഞു? എങ്ങനെ ശ്രീചക്രത്തിന് ഇത്രയും വ്യാപകമായ പ്രചാരം വന്നുചേർന്നു? താന്ത്രികാരാധനയിൽ കേന്ദ്രസ്ഥാനം ഈ രൂപം നേടിയതു് എങ്ങനെ?

റഷ്യാക്കാർതന്നെ കണ്ടുപിടിക്കട്ടെ. ഇന്ത്യാക്കാരായ നമുക്ക തല പുണ്ണാക്കാൻ വേറെയുമുണ്ടല്ലോ ഒട്ടുവളരെ കാര്യങ്ങൾ.

(6 ജനുവരി, 1985)